റിപ്പോർട്ട്, ഹെഡ്മാസ്റ്ററുടെ ശുപാർശ കത്ത്, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് 20 രൂപ മുദ്രപത്രത്തിൽ തയ്യാറാക്കിയത്, അപേക്ഷകന്റെ ഒറിജിനൽ ജനന സർട്ടിഫിക്കറ്റ്, അതിന്റെ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, ഒറിജിനൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് എന്നിവയും 2001-നുശേഷമുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റാണ് തിരുത്തേണ്ടതെങ്കിൽ 0202-01-102-92-അദർ റസീപ്റ്റ്സ് എന്ന ശീർഷകത്തിൽ 30 രൂപ അടച്ചതിന്റെ ചെലാൻ രസീതും സഹിതം അപേക്ഷ പരീക്ഷാഭവനിൽ ലഭ്യമാക്കേണ്ടതാണ്.

(ഡി&ഇ) ബാധകമാണ്.

സുനാമി പുനരധിവാസ പദ്ധതി പ്രകാരം അറ്റകുറ്റപ്പണികൾക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ

31 (3777) ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഏതെല്ലാം സ്കൂളുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്കൂളിനും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായിട്ടുള്ള വികസനം

32 (3778) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനായി ഇതുവരെ എത്ര കോടി രൂപയുടെ വിവിധ പദ്ധതികളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ പ്രധാനമായും സ്കൂളുകളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് മുൻഗണന നൽകുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനും നിരീക്ഷണത്തിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ തുടർ നടത്തിപ്പിനായി കൂടുതൽ ധനസഹായം ലഭ്യമാക്കാനാവശ്യമായ എന്തുനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 6410.57 ലക്ഷം രൂപ (അറുപത്തിനാലുകോടി പത്തു ലക്ഷത്തി അമ്പത്തിയേഴായിരം രൂപ)

(ബി) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാണ് മുൻഗണന. ടോയ്ലറ്റ്, ലാബ്, ലൈബ്രറി, ചുറ്റുമതിൽ എന്നിവയുടെ നവീകരണവും നടത്തുന്നുണ്ട്.

(സി) ജില്ലാതല മോണിറ്ററിംഗ് സമിതി (ഡി.എൽ.എം.സി), അദ്ധ്യാപക രക്ഷാകർത്തൃ സമിതി (പി.ടി.എ), നിർമ്മിതി കേന്ദ്രം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നടത്തിപ്പും, നിരീക്ഷണവും നടത്തുന്നു.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധതലങ്ങളിൽ നിന്ന് ലഭിക്കേണ്ട അനുമതി വൈകിയത്, തൊഴിലാളികളുടെയും, മണൽ തുടങ്ങിയ നിർമ്മാണ സാധനങ്ങളുടെയും ലഭ്യത കുറവ്, വെള്ളക്കെട്ടുള്ള പ്രദേശത്ത് മഴക്കാലത്ത് പണി നടത്താൻ കഴിയാതിരുന്നത് മുതലയാവയാണ് ക്കാരണങ്ങൾ.

(ഇ) നിലവിൽ അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. അവ പൂർത്തിയായിട്ടില്ല. തുടർ നടത്തിപ്പിന് കൂടുതൽ ധനസഹായം ആവശ്യമായി വന്നാൽ അപ്പോൾ പരിഗണിക്കാവുന്നതാണ്.

സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി അനുവദിച്ച തുക

33 (3779) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി എത്ര തുക അനുവദിച്ചു ; ഓരോ ജില്ലയിലും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യം ഒരുക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരത്തിൽ തുക അനുവദിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly